ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# വെള്ളപ്പൊക്കത്തിനുശേഷം വീടുകളിലേക്ക് മടങ്ങുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിലെ വീടുകളും സ്ഥാപനങ്ങളും ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശ പ്രകാരം കഴുകി വൃത്തിയാക്കുക.

• വെള്ളപ്പൊക്കം ബാധിച്ച വീടുകളിലും സ്ഥാപനങ്ങളിലും ബ്ലീച്ചിംഗ് പൗഡർ കലക്കിയ ലായനി ഒഴിച്ച് അണുനശീകരണം നടത്തുക.

•പരിസരം വൃത്തിയാക്കുന്നതിന് നീറ്റുകക്ക, കുമ്മായം എന്നിവ ഉപയോഗിക്കുക.

• കക്കൂസ് മാലിന്യങ്ങളാൽ മലിനപ്പെടാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ബ്ലീച്ചിംഗ് പൗഡർ ഉപയോഗിച്ച് അണുവിമുക്തമാക്കുക.

• വെള്ളക്കെട്ടുമൂലം മലിനപ്പെട്ട കിണറുകൾ, ടാങ്കുകൾ, കുടിവെള്ള സ്രോതസ്സുകൾ എന്നിവ അണുവിമുക്തമാക്കുക.

• മലിനജലവുമായി സമ്പർക്കത്തിലാകുന്നവർ വ്യക്തിഗത സുരക്ഷാ ഉപാധികൾ സ്വീകരിക്കേണ്ടതും എലിപ്പനിക്കെതിരെ പ്രതിരോധ മരുന്നു കഴിക്കേണ്ടതുമാണ്.

•വെള്ളപ്പൊക്കത്തെ തുടർന്ന് അടച്ചിട്ടിരിക്കുന്ന വീടുകൾ, അങ്കണവാടികൾ, സ്കൂളുകൾ, റേഷൻകടകൾ തുടങ്ങി മറ്റു ഭക്ഷ്യസംഭരണ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന അസംസ്കൃത ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കിയതിന് ശേഷം മാത്രം ഉപയോഗിക്കേണ്ടതാണ്.

•അടഞ്ഞുകിടക്കുന്ന മുറികളിൽ വായുമലിനീകരണം സംഭവിക്കാനിടയുള്ളതിനാൽ ഉപയോഗിക്കുന്നതിന് മുമ്പ് ജനലുകളും വാതിലുകളും തുറന്നിട്ട് വായുസഞ്ചാരയോഗ്യമാക്കുക.

• വീടുകളിലെ ഇലക്ട്രിക്കൽ ഉപകരണങ്ങളും മറ്റും ഇലക്ട്രീഷ്യനെക്കൊണ്ട് പരിശോധിപ്പിച്ചതിന് ശേഷം ഉപയോഗിക്കേണ്ടതാണ്.

• ഭക്ഷണപാനീയങ്ങൾ സംഭരിക്കാനും പാചകം ചെയ്യാനും ഉപയോഗിക്കുന്ന സാധന സാമഗ്രികൾ ശുദ്ധമാക്കുന്നതിന് ക്ലോറിനേറ്റ് ചെയ്ത ശുദ്ധ ജലം മാത്രം ഉപയോഗിക്കുക.

• കൈകാൽ കഴുകുന്നതിനും മറ്റും ക്ലോറിനേറ്റ് ചെയ്ത ജലം മാത്രം ഉപയോഗിക്കുക.

• ഭക്ഷണപാനീയങ്ങൾ അടച്ച് സൂക്ഷിക്കുക.

• കെട്ടിനിൽക്കുന്ന വെള്ളത്തിൽ കൊതുക് പെരുകുവാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക.

• വീടിന് പുറത്തിറങ്ങുമ്പോൾ നിർബന്ധമായും ചെരുപ്പ് ഉപയോഗിക്കുകയും പാദങ്ങളുടെ സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുക.

• തുമ്മുമ്പോഴും ചുമയ്ക്കുമ്പോഴും തൂവാല ഉപയോഗിച്ച് വായും മൂക്കും മറച്ചു പിടിക്കുക.

• പനിയോ മറ്റ് രോഗലക്ഷണങ്ങളോ അനുഭവപ്പെട്ടാൽ ചികിത്സയ്ക്ക് വിധേയമാക്കുക.

• ശുചീകരണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ വിഷപാമ്പുകളുടെ സാന്നിദ്ധ്യമുണ്ടാകാനിടയുള്ളതിനാൽ മുൻകരുതലുകൾ എടുക്കേണ്ടതും കടിയേറ്റാൽ വൈദ്യസഹായം തേടേണ്ടതുമാണ്.

• ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ ഗുളികകൾ എന്നിവയുടെ ഉപയോഗക്രമത്തിൽ ആരോഗ്യ പ്രവർത്തകർ, ആശ പ്രവർത്തകർ എന്നിവരുടെ ഉപദേശം സ്വീകരിക്കേണ്ടതാണ്.

• കൊതുക്, കൂത്താടി എന്നിവയുടെ വ്യാപനം ശ്രദ്ധയിൽപ്പെട്ടാൽ ആയതു അതാതു പ്രാഥമിക കേന്ദ്രങ്ങൾ, ആരോഗ്യ പ്രവർത്തകർ, ആശ പ്രവർത്തക എന്നിവരെ അറിയിക്കേണ്ടതാണ്.

• പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയവയ്ക്ക് തുടർച്ചയായി മരുന്നുപയോഗിക്കുന്നവർ മുടങ്ങാതെ മരുന്നുകഴിക്കാനായി ശ്രദ്ധിക്കേണ്ടതാണ്.